# ചുകന്ന നിയോൺ വെളിച്ചം

“ആരുടെയെങ്കിലും നിർബന്ധത്തിനോ സമ്മർദ്ധത്തിനോ വഴങ്ങിയാണോ നിങ്ങളീ തീരുമാനത്തിലേക്കെത്തിയത്”?

ആദ്യം 'അല്ല' എന്ന് പറഞ്ഞത് ഡേവിഡാണ്. ചോദ്യകർത്താവിനെ കുറച്ചുസമയം നോക്കിനിന്നശേഷം പതുക്കെ ജൊഹാന്നയും 'അല്ല' എന്നാവർത്തിച്ചു.

ഡോക്ടർ ചുറ്റുമുള്ള മെഡിക്കൽടീമിനെയൊന്ന് നോക്കിക്കൊണ്ട് ചോദ്യാവലിയിലെ അവസാന ചോദ്യം ഡേവിഡും ജൊഹാന്നയും കേൾക്കുമാറ് ഉറക്കെവായിച്ചു. “തീരുമാനത്തിൽ മാറ്റംവരുത്തുവാനുള്ള അവസാന അവസരമാണിത്. എന്തെങ്കിലും മാറ്റമുണ്ടോ”?

ഡേവിഡ് പതുക്കെ ജൊഹാന്നയുടെ കൈപിടിച്ചു. നരവീണ അവരുടെ കൺപീലികൾ ഇമവെട്ടാതെ പരസ്പരംനോക്കി, ഒരു പുഞ്ചിരി കൈമാറി, ശേഷം 'ഇല്ല' എന്നൊരുമിച്ചു പറഞ്ഞു.

“ഇവിടെ ഒപ്പിടൂ”. പത്തുമിനിറ്റായി തുടർന്നുവന്ന ചോദ്യാവലി അവസാനിപ്പിച്ച് ഡോക്ടർ നെടുവീർപ്പിട്ടു.

ഡേവിഡും ജൊഹാന്നയും ഡോക്ടർ ചൂണ്ടിക്കാണിച്ചിടത്ത് കയ്യൊപ്പുചാർത്തി.

“ഇനി നമുക്ക് അവസാനഭാഗത്തേക്ക് കടക്കാം. അതിനു മുൻപ് വീഡിയോ എടുക്കുന്നത് അവസാനിപ്പിക്കാം”. ഡോക്ടർ വീഡിയോഗ്രാഫറോഡ് കൈകൊണ്ട് ‘മതി’ എന്ന് ആംഗ്യംകാണിച്ചു.

വെള്ളിരോമങ്ങളുള്ള ചുളിവുവീണ കൈകളാൽ ഡേവിഡ് ജാലകത്തിലൂടെ പുറത്തേക്ക് നോക്കിയിരിക്കുന്ന ജൊഹാന്നയുടെ ചുമലിൽതൊട്ടു. മനസ്സിനെ എവിടേക്കോ മേയാൻവിട്ട് സ്വാതന്ത്രയായിരുന്നിരുന്ന ജൊഹാന്ന ഡേവിഡിനെ നോക്കി.

“നമ്മുക്കൊരു പത്തുമിനിറ്റ് സംസാരിച്ചാലോ” ?

ഡേവിഡിന്റെ കണ്ണിൽനോക്കി ജൊഹാന്ന ‘സമ്മതം’ എന്ന് തലയാട്ടി.

ഡോക്ടറും സംഘവും പുറത്തേക്ക് നടന്നു. ഡേവിഡ് ജൊഹാന്നക്ക് അഭിമുഖമായി ഇരുന്നു.

“ജോ, നീ എല്ലാചോദ്യങ്ങൾക്കും കൃത്യമായി മറുപടിപറഞ്ഞു. ഉത്തരങ്ങൾ തെറ്റിയിരുന്നെങ്കിൽ, അല്ലെങ്കിൽ മറന്നുപോയിരുന്നെങ്കിലെന്ന് ഞാൻ ഭയപ്പെട്ടിരുന്നു”.

“എനിക്കിന്ന് എല്ലാം ഓർമയുണ്ട്. ഡിമെൻഷ്യയുടെ പിടിയിലകപ്പെട്ട് ആദ്യമായാണെനിക്ക് കൃത്യമായി ഇങ്ങനെ”... മനസ്സിൽ പെയ്യുന്ന കണ്ണീർമഴ ജൊഹാന്നയുടെ വാക്കുകളെ പാതിയിൽമുറിച്ചു.

അവളുടെ ചുളിവുകൾവീണ ഇരുകവിളുകളും അരികുകളിലേക്ക് വകഞ്ഞുമാറ്റി ഡേവിഡ് പറഞ്ഞു. “ജോ, ഇന്നേക്ക് നമ്മൾ ഒന്നായിട്ട് നാല്പത്തിയെട്ട് കൊല്ലമായി. നിനക്കും എനിക്കും എഴുപത്കഴിഞ്ഞു എന്നർത്ഥം”.

ജൊഹാന്ന അത്ഭുതത്തോടെ ചിരിച്ചു. “ആംസ്റ്റർഡാമിൽ നാൽപ്പത്തിയെട്ട് വർഷങ്ങൾ നമ്മളൊരുമിച്ച് ജീവിച്ചോ? അത് എനിക്കോർമ്മ വന്നില്ലകെട്ടോ. നമ്മൾ എത്ര ഭാഗ്യമുള്ള ദമ്പതികളാണല്ലേ”?

“നീ പറ, പിന്നെ എന്തെല്ലാമാണ് ജോ നിനക്കോർമ്മയുള്ളത്. നീ എന്തെങ്കിലും വിട്ട്പോയാൽ ഞാൻ ഓർമ്മിപ്പിക്കാം. പത്തുമിനിട്ടെ ഉള്ളൂ സമയം കേട്ടോ.”

നടക്കാൻ ബുദ്ധിമുട്ടിയ ഡേവിഡിന്റെ കയ്യുംപിടിച്ച് ജനലരികിലേക്ക് നടന്നുനീങ്ങിയ ജൊഹാന്ന അടഞ്ഞുകിടന്നിരുന്ന മറ്റുജനൽപാളികൾ പതുക്കെ തള്ളിത്തുറന്നു.

ആംസ്റ്റർഡാമിലെ ആംസ്റ്റൽ നദിക്ക് അഭിമുഖമായി നിൽക്കുന്ന ഹാലാൻഡ് ആശുപത്രിയുടെ ഉയരമുള്ള ജാലകത്തിനരികിൽ ഇരുവരും കൈകൾകോർത്ത് നിന്നു. പകൽവിളക്കിന്റെ വെയിൽനാളങ്ങൾ നദിയിലെ ഒഴുക്കിന് ഒരു സ്വർണ്ണത്തിളക്കം പകരുന്നു. ആംസ്റ്റൽ നദീതീരത്ത്നിന്നും നേർത്ത മഞ്ഞുതുള്ളിയിൽകുതിർന്ന അനാമിനിപ്പൂക്കളുടെ സുഗന്ധംവഹിച്ചുകൊണ്ട് തണുത്തകാറ്റ് അവരുടെ ദീർഘനിശ്വാസത്തിനൊപ്പംചേർന്നു. നഗരം ഉണരുന്നതിന്ന്മുൻപേ ഉണർന്ന നദിക്കരയിലെ മരങ്ങൾ ജൊഹാന്നയെ കേൾക്കാൻ കാതുകൂപ്പി. കൂടെ ഡേവിഡും.

ഈ നദിക്കരയിൽവെച്ച് ഇതുപോലൊരു ശരത്കാലത്താണ് നാം ഒന്നിച്ചത്. പച്ചയിൽനിന്നും സ്വർണ്ണവർണ്ണത്തിലേക്കു നിറംമാറ്റി പൊഴിയാൻ ഊഴംകാത്തു മരങ്ങളിൽ അള്ളിപ്പിടിച്ചിരിക്കുന്ന ഇലകൾ സായാഹ്നത്തെ പ്രേമാതുരമാക്കി. ജലനഗരിയായ ആംസ്റ്റർഡാമിലെ ചുവന്നതെരുവുകളെ രണ്ടായി വിഭജിച്ച് ഒഴുകുന്ന കനാൽകരയിലുള്ള ഏറ്റവുംപഴക്കംചെന്ന ‘റെഡ്ബുൾ’ ബാറിൽ അതിലേറെ പഴകിയ വീഞ്ഞും നുകർന്ന് ഇരുന്ന നിന്റെനോട്ടം തോക്കിൻകുഴലിലൂടെ ലക്ഷ്യത്തിലേക്ക് തൊടുത്ത ഒരു വെടിയുണ്ടയായിരുന്നു. ചുകന്ന നിയോൺലൈറ്റ് തെളിയിച്ച ചില്ലുവാതിലുകൾക്കുള്ളിൽ അർധനഗ്നയായി ഇടപാടുകാരെ ആകർഷിക്കാൻ ശൃംഗാര ചേഷ്ടകൾ അഭിനയിച്ചുനിന്ന എന്റെ മാംസം തുളച്ച്, ഞരമ്പിലൂടെയും കാമ്പിലൂടെയും ഹൃദയത്തിലൂടെയും ആ വെടിയുണ്ട പലപ്രാവശ്യം കയറിയിറങ്ങി. കലാലയത്തിലെ സഹപാഠിയെ ചുകന്ന നിയോൺ വെളിച്ചത്തിൽ

കാണേണ്ടിവരുന്നത് നെതെർലാൻഡിൽ ഒരു പുതുമയുള്ള കാര്യമൊന്നുമല്ല. അംഗീകൃത തൊഴിലായ വേശ്യാവൃത്തി ഒരു ഉപജീവനമാർഗമായേ കണക്കാക്കേണ്ടതുള്ളൂ. ആവശ്യക്കാരന്റേതല്ലാത്ത നിന്റെയാനോട്ടം, ഭാഷയോ ദേശമോ അറിയാത്ത ഇടപാടുകാർ ഉണ്ടാക്കിയ നഖക്ഷതങ്ങളേക്കാൾ നീറ്റലുണ്ടാക്കി.

ഒരിക്കൽ വിലപേശി കൂട്ടംകൂടിനിന്ന ഒരുപറ്റം ടൂറിസ്റ്റുകളുടെ ഇടയിൽനിന്നും "നീ പറയുന്ന പണം, നീ പറയുന്നത്ര സമയം" എന്ന് അപ്രതീക്ഷിതമായി പറഞ്ഞു എന്റെ ജീവിതത്തിലേക്ക് കടന്നുവന്ന നീ എന്റെ ജീവിതത്തിലുണ്ടാക്കിയ മാറ്റമാണ് ഇന്ന് കാണുന്ന ഞാൻ. 'മനസ്സുവെച്ചാൽ ഇരു ശരീരങ്ങൾ ഒന്നാവുന്ന സമയം വേണ്ടല്ലോ രണ്ട് ഹൃദയങ്ങൾ ഒന്നാകാൻ'. 'ശരീരങ്ങൾ ഒന്നാകുമ്പോൾ കിട്ടുന്ന ലഹരിക്കും ഏറെ മുൻപിലാണ് രണ്ടുമനസ്സുകൾ ഒന്നാകുമ്പോൾ കിട്ടുന്ന ലഹരിയുടെ സ്ഥാനമെന്ന് നീ എന്നെ പഠിപ്പിച്ചു.

വേശ്യയായ ഡച്ചുകാരിയെ കെട്ടിയ ഇന്ത്യക്കാരൻ പിന്നീട് നാട്ടിൽപോയില്ല. നാട്ടിലേക്ക് വരേണ്ട എന്ന് പേരുകേട്ട തറവാട്ടുകാർ തീരുമാനമെടുത്തപ്പോൾ നീ എനിക്കുവേണ്ടി നിന്റെ നാടും വീടും നഷ്ടപ്പെടുത്തി. പൗരത്വം കിട്ടാൻ വേശ്യയെ വിവാഹം കഴിച്ചവൻ എന്ന് പലരും കളിയാക്കിയപ്പോൾ നീ നഷ്ടപ്പെടുത്തിയത് നിന്റെ ആത്മാഭിമാനമായിരുന്നു.

ചിരിയിലൂടെയും സന്തോഷങ്ങളിലൂടെയും എന്റെ ഹൃദയം നീ എന്നും ഭദ്രമായികാത്തു. നിന്നോടൊപ്പമുള്ള അനശ്വരമായ നിമിഷങ്ങളും, ഓർമ്മകളും, പുഞ്ചിരികളും ഒരളവുകോലിനും തിട്ടപ്പെടുത്താനാവുന്നതല്ല. ആർദ്രവും സത്യവുമായ നിന്റെ ആഴമേറിയ സ്നേഹം എന്നുമെനിക്ക് അമൂല്യമായിരുന്നു. മങ്ങിയ ചുവന്ന നിയോൺ വെളിച്ചത്തിൽനിന്നും ബഹുവർണ്ണങ്ങളുള്ള ജീവിതത്തിലേക്ക് കൈപിടിച്ച് എന്നെയുംകൊണ്ട് നീ ഈവർഷമത്രയും നടന്നതും ഇപ്പോൾ ഇങ്ങനെയൊരു തീരുമാനമെടുത്തതും എല്ലാം 'ഏറ്റവും ഉചിതം' എന്ന ഗണത്തിലേ ഞാൻ പെടുത്തിയിട്ടുള്ളൂ.

തുടർച്ചയായി സംസാരിച്ച് ജൊഹാന്ന ഒന്ന് നിർത്തി. എന്തെങ്കിലും വിട്ടുപോയോ എന്ന് പരിഭ്രമത്തോടെ ഡേവിഡിന്റെ കണ്ണിൽ പരതി.

ഡേവിഡ് ചിരിച്ചു. നിനക്ക് ശെരിക്കും ഓർമക്കുറവുണ്ടോ ? ഏതോ ഡ്യൂപ്ലിക്കേറ്റ് ഡിമെൻഷ്യയാണ് നിന്നെ ബാധിച്ചതെന്ന് തോന്നുന്നു.

ഞാൻ പറഞ്ഞില്ലേ ഇന്നെനിക്ക് എല്ലാം ഓർമയുണ്ടെന്ന്.

“ഒന്നുരണ്ടെണ്ണം വിട്ടുപോയി കേട്ടോ. നാല്പത്തിയെട്ട് കൊല്ലത്തെ ദാമ്പത്യ ജീവിതത്തിൽ മറ്റൊരു തലമുറ നമ്മിൽനിന്നും വന്നില്ല. ക്യാൻസർ പടർന്നു കയറിയ എന്റെ ശരീരത്തിൽനിന്നും ആത്മാവ് പിരിയാൻ ഡോക്ടർ പറഞ്ഞ കണക്കനുസരിച്ച് ഇനി ഒന്നോ രണ്ടോ മാസമേ ബാക്കിയുള്ളു”. ജോഹാന്ന വിട്ടുപോയത് ഡേവിഡ് കൂട്ടിച്ചേർത്തു.

“ഓർക്കാൻ ആഗ്രഹിക്കാത്തപലതും മറവിയെന്ന ചിതൽതിന്നു എന്ന്കരുതാനാണ് എനിക്കിഷ്ടം. അല്ലെങ്കിലും വേശ്യക്ക് തരാവുന്ന സൗഭാഗ്യങ്ങൾക്ക് ദൈവത്തിനും കാണില്ലേ പിശുക്ക്”. കൺകോണിൽ നിറഞ്ഞ സങ്കടം  താഴെവീഴാൻ അനുവദിക്കാതെ ജൊഹാന്ന ചിരിച്ചു.

ഒന്നുകൂടെയുണ്ട്. 2002ൽ ഡച്ച്സർക്കാർ ഒരുനിയമം പാസ്സാക്കി. ജീവിക്കാൻ ആഗ്രഹമില്ലാത്തവർക്ക് മരിക്കാനുള്ള സ്വാതന്ത്ര്യം. ‘യൂത്തനേഷ്യ’. അന്നേ നമ്മൾ തീരുമാനിച്ചതാണ് ഒരുമിച്ച് ജീവിതം, ഒരുമിച്ച് മരണം എന്നത്. കുട്ടികളെ തന്നില്ലെങ്കിലും യൂത്തനേഷ്യയുടെ യോഗ്യതാ മാനദണ്ഡങ്ങളിൽപെട്ട ‘ഡിമെൻഷ്യയും’ ‘കാൻസറും’ തന്ന് ദൈവം അനുഗ്രഹിച്ചില്ലേ? ക്യാൻസറിലൂടെ അസഹനീയമായ വേദന എനിക്കും, ഡിമെൻഷ്യയിൽയുടെ രണ്ടാംഘട്ടമായ വിഷാദരോഗം നിനക്കും തന്നനുഗ്രഹിച്ചില്ലേ ? ‘ഞാനില്ലാതെ നീയും, നീയില്ലാത്ത ഞാനും’ ഈ ഭൂമിയിൽ വേണ്ട എന്ന് തീരുമാനിക്കാൻ നമ്മെ പ്രേരിപ്പിച്ചില്ലേ? അതിൽപരം ഒരു അനുഗ്രഹമുണ്ടോ? കുട്ടികളെ തന്നിരുന്നെങ്കിൽ, നമ്മുക്ക് കൊച്ചുമക്കൾ ഉണ്ടായിരുന്നെങ്കിൽ, എന്റെകൂടെ നീ ഇന്ത്യയിലേക്ക് ചേക്കേറിയിരുന്നെങ്കിൽ ഈ തീരുമാനത്തിലെത്താൻ നമുക്കാവുമായിരുന്നോ?. ഞാനില്ലാതെ നീയോ, നീയില്ലാതെ ഞാനോ ഒറ്റയ്ക്ക് ജീവിക്കുന്നത് സങ്കല്പിക്കാനാകുമോ നിനക്ക്?. ഇനി പറയ് ദൈവം നമ്മുടെ കാര്യത്തിൽ പിശുക്ക് കാണിച്ചോ എന്ന് ?

ഇല്ലായ്മകളും പോരായ്മകളും വീഴ്ചകളല്ല, മറിച്ച് മുന്നോട്ടുള്ള വഴികളാണെന്നുള്ള ഡേവിഡിന്റെ മനോഭാവവും ഉൾക്കാഴ്ചയും ജൊഹാന്നക്ക് എന്നും ഒരത്ഭുതമായിരുന്നു.

‘ജനനം’ ഏറെ അനിശ്ചിതത്വംനിറഞ്ഞ ഒന്നല്ലേ?. സംഭവിക്കാം, ഇല്ലാതയും ഇരിക്കാം. പക്ഷെ മരണം അങ്ങിനെയല്ല. വ്യക്തവും, പ്രകടവും, സുനിശ്ചിതവുമാണ്. ജനിച്ചയന്നുമുതൽ നമ്മൾ മരണത്തെ പ്രതീക്ഷിക്കുന്നു. പക്ഷേ, അപ്രതീക്ഷിതമായി മുന്നറിയിപ്പില്ലാതെ ഒരുദിവസം മരണദൂതൻ പിടിമുറുക്കുമ്പോൾ, എല്ലാം വിട്ടെറിഞ്ഞു പോകാൻ എത്രപേർ തയ്യാറാണ് ഈ ഭൂമിയിൽ? കണ്ണും കയ്യും ഇറുക്കിയടച്ചുപിടിച്ച് ലോകം മുഴുവൻ കൈപ്പിടിയിൽ ഒതുക്കുമെന്ന ഭാവത്തിൽ ജനിക്കുന്ന നാം, കണ്ണും കയ്യും

മലക്കെ തുറന്ന്പിടിച്ചു ഒന്നും കൈപ്പിടിയിൽ ഒതുക്കാതെ യാത്രയാകുന്നു. മൃതദേഹം, മയ്യിത്ത് എന്നെല്ലാം അറിയപ്പെടുന്ന നമ്മുക്ക് നമ്മുടെ പേരുപോലും അന്യമായിപോകുന്ന ഒരുദിനം.

ഈ ലോകത്തുനിന്നും കൊണ്ടുപോകേണ്ട അവസാന ഓർമ്മ നെയ്യാൻ അവർ പരസ്പരം കൈകൾ കോർത്തു. ഡേവിഡിന്റെ മാറിലെ മിടിപ്പിനായ് ജോഹാന്ന കണ്ണുമടച്ചു കാതോർത്തു. നാൽപ്പത്തെട്ട് വർഷത്തെ പ്രണയം മുഴുവനും ഒരുനിമിഷത്തിലേക്കാവാഹിച്ച അവരുടെ ചുണ്ടുകൾ അവസാനമായി കൂടിച്ചേർന്നു.

സമയമായോ? വാതിലിൽ പതിയെമുട്ടി ഡോക്ടർ മുറിയിലേക്ക് കടന്നുവന്നു

ഡേവിഡിന്റേയും ജൊഹാന്നയുടെയും കണ്ണുകൾ വീണ്ടും സംസാരിച്ചു.

“സമയമായി”

ഡോക്ടറുടെ കയ്യിലെ സൂചികൾ തിളങ്ങി.

ആദ്യത്തേത് മയക്കാനുള്ളതാണ്. തലച്ചോറിലെ നാഡീവ്യൂഹത്തെ ബാധിക്കുന്ന ഈ ഡോസ് പതുക്കെ ബോധംമറക്കും.

രണ്ടാമത്തെ ഡോസിൽ ശ്വാസംനിലക്കും,

മൂന്നാമത്തെ ഡോസിൽ ഹൃദയസ്തംഭനം ഉണ്ടാകും. ശരീരത്തിലെ എല്ലാ ഭാഗത്തേക്കുമുള്ള ഓക്സിജൻ വിതരണം നിലക്കുന്നതോടെ മരണം സംഭവിക്കും.

ജീവിതത്തിലെ അവസാനതാളും വായിച്ചവസാനിക്കുമ്പോൾ ‘ഭൂമി’ എന്ന പുസ്തകത്തിൽ ഡേവിഡിനും ജോഹാന്നക്കും പകർന്നാടാൻ വേഷങ്ങളില്ല.

പ്രണയത്തിൽ ജനിച്ച്, സ്നേഹത്തിൽ ജീവിച്ച്, മരണത്തിൽ പോലും പിരിയാനാകാത്ത രണ്ട് ശോഭയുള്ള നക്ഷത്രങ്ങൾ അതിവിശാലമായ താരാപഥത്തിൽ പുനർജനിച്ചു. ‘മരണാനന്തര ജീവിതം’ എന്ന അടുത്ത തിരക്കഥ കയ്യിലെടുത്ത ജൊഹാന്നയും ഡേവിഡും ചുകന്ന നിയോൺ വെളിച്ചത്തിന്റെ മായീകപ്രഭാവലയത്തിൽ കുളിച്ചുനിൽക്കുന്ന ഭൂമിയിലേക്ക് നോക്കി. ശാരീരികവും വൈകാരികവുമായ ഭാരങ്ങളിൽനിന്നും വേദനകളിൽനിന്നും എന്നെന്നേക്കുമായി മുക്തരായ അവർക്ക് വിശാലമെന്ന് വിശ്വസിച്ചിരുന്ന ഭൂമി ആകാശകാഴ്ച്ചയിൽ ഏറെ ചെറുതായത്പോലെ തോന്നി.

************

സനൂദ് കരുവള്ളി പാത്തിക്കൽ

+974  55963180